**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 518** — **10-07-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി നഗറുകളിൽ വൈദ്യുതിയും ഇന്റർനെറ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആദിവാസി നഗറുകളിലെ വൈദ്യുതിയുള്ള മേഖലകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ നഗറുകളിലെ വൈദ്യുതിയുള്ള മേഖലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ത്രിതല പഞ്ചായത്ത്, എം.പി ഫണ്ട്, സി. എസ്. ആർ ഫണ്ട്, ജില്ലാ ഭരണകൂടത്തിന്റെ ഫണ്ട് എന്നിവ ഉപയോഗിച്ച് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ നിർവ്വഹിച്ചു വരുന്നു. ഇന്റർനെറ്റ് സൗകര്യങ്ങൾ ഇല്ലായെന്ന് കണ്ടെത്തിയ ആകെ 1284 പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1119 എണ്ണത്തിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 165 പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ 4G സാച്ചുറേഷൻ ലഭ്യമാക്കുന്നതിനായി ബി.എസ്.എൻ.എൽ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വനാന്തരങ്ങളിലുള്ള നഗറുകളിൽ സോളാർ/ ഹൈബ്രിഡ് പദ്ധതി നടപ്പിലാക്കുവാൻ വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് KSEB/ANERT തുടങ്ങിയവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>2021-22 വർഷം സംസ്ഥാനത്ത് വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 84 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ തൃശ്ശൂർ ജില്ലയിലെ വെട്ടിവിട്ടക്കാട് നഗർ 92ലക്ഷം രൂപ വിനിയോഗിച്ച് വൈദ്യുതീകരിച്ചിട്ടുണ്ട്. പാലക്കാട് അട്ടപ്പാടിയിൽ ആനവായ്, തടിക്കുണ്ട്, കിണറ്റുകര, കടുകമണ്ണ, മുരുഗള, പാലപ്പട എന്നീ 6 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതിന് 494.47 ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച് വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ 2 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ 407 ലക്ഷം രൂപ അനുവദിച്ച് വൈദ്യുതീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇനിയും വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും ബഹു. വകുപ്പ് മന്ത്രിയും വിളിച്ച് ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനരധിവാസം ഒഴികെയുള്ള എല്ലാ പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളും KSEB/അനർട്ട് മുഖേന വൈദ്യുതീകരിക്കുന്നതിന് നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ KSEB സാധ്യമാകുന്ന 19 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലഭ്യമാക്കിയ 21.08 കോടി രൂപയുടെ പ്രൊപ്പോസലിൽ വകുപ്പിന്റെ വിഹിതമായി 20 ശതമാനം തുകയായ 4.22 കോടി രൂപ KSEB യ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത 19 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ 8 കേന്ദ്രങ്ങളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 30 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് 3697.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ANERT ലഭ്യമാക്കിയിരുന്നു. ആയതിൻമേൽ ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവാസ കേന്ദ്രങ്ങളുടെ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ANERT ൽ നിന്നും ലഭ്യമാക്കി വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിക്കവാറും കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമായിട്ടുണ്ട്. ആയതിനാൽ പട്ടികജാതി നഗറുകളുടെ വൈദ്യുതീകരണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ല. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് KSEB/ANERT തുടങ്ങിയവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>2021-22 വർഷം സംസ്ഥാനത്ത് വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 84 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ തൃശ്ശൂർ ജില്ലയിലെ വെട്ടിവിട്ടക്കാട് നഗർ 92ലക്ഷം രൂപ വിനിയോഗിച്ച് വൈദ്യുതീകരിച്ചിട്ടുണ്ട്. പാലക്കാട് അട്ടപ്പാടിയിൽ ആനവായ്, തടിക്കുണ്ട്, കിണറ്റുകര, കടുകമണ്ണ, മുരുഗള, പാലപ്പട എന്നീ 6 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതിന് 494.47 ലക്ഷം രൂപ കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച് വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ 2 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ 407 ലക്ഷം രൂപ അനുവദിച്ച് വൈദ്യുതീകരിച്ചിട്ടുണ്ട്.<br><br>ഇനിയും വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും ബഹു. വകുപ്പ് മന്ത്രിയും വിളിച്ച് ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനരധിവാസം ഒഴികെയുള്ള എല്ലാ പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളും KSEB/അനർട്ട് മുഖേന വൈദ്യുതീകരിക്കുന്നതിന് നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ KSEB സാധ്യമാകുന്ന 19 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലഭ്യമാക്കിയ 21.08 കോടി രൂപയുടെ പ്രൊപ്പോസലിൽ വകുപ്പിന്റെ വിഹിതമായി 20 ശതമാനം തുകയായ 4.22 കോടി രൂപ KSEB യ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത 19 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ 8 കേന്ദ്രങ്ങളിലെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 30 പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് 3697.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ANERT ലഭ്യമാക്കിയിരുന്നു. ആയതിൻമേൽ ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവാസ കേന്ദ്രങ്ങളുടെ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ANERT ൽ നിന്നും ലഭ്യമാക്കി വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിക്കവാറും കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമായിട്ടുണ്ട്. ആയതിനാൽ പട്ടികജാതി നഗറുകളുടെ വൈദ്യുതീകരണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ